# ദേശ് ബചാവോ ദേശ് ബനാവോ അഭിയാൻ

# പ്ലാച്ചിമട മുതൽ അയോദ്ധ്യ വരെ

തൃശ്ശൂർ: 'രാഷ്ട്രത്തെ രക്ഷിക്കൂ, രാഷ്ട്രം കെട്ടിപ്പടുക്കൂ' എന്ന മുദ്രാവാക്യവുമായി എൻ.എ.പി.എം. നടത്തുന്ന യാത്ര (ദേശ് ബചാവോ ദേശ് ബനാവോ അഭിയാൻ) ജനവരി 26ന് പ്ലാച്ചിമടയിൽ നിന്നും ആരംഭം കുറിക്കുന്നു. മേധാപട്കർ നേതൃത്വം നൽകുന്ന യാത്ര രണ്ടരമാസം കൊണ്ട് 18 സംസ്ഥാനങ്ങളിലൂടെ സഞ്ചരിച്ച് അയോധ്യയിൽ സമാപിക്കും.

യാത്രക്ക് കേരളത്തിൽ പാലക്കാട് (ജനു 26), കോഴിക്കോട്(ജനു 27), എറണാകുളം (ഡിസം 29), തിരുവനന്തപുരം (ഡിസം 29) എന്നിവിടങ്ങളിൽ സ്വീകരണം നൽകും. യാത്രാ സ്വീകരണത്തിന് 4 കേന്ദ്രങ്ങളിൽ സ്വാഗതസംഘം രൂപീകരിക്കുന്നു. ◆കോഴിക്കോട് - ഡിസംബർ 21 ന് 4.30 PM, ഗാന്ധിഗൃഹത്തിൽ ◆പ്ലാച്ചിമട - ഡിസംബർ 22ന് 10AM, കൊക്കകോള വിരുദ്ധ സമരപ്പന്തൽ◆പാലക്കാട് - ഡിസംബർ 22ന് 4PM, ഗസ്റ്റ് ഹൗസ്◆തിരുവനന്തപുരം - ഡിസംബർ 27ന് 11AM, കോട്ടൺ ഹിൽ ഹൈസ്കൂൾ (കേരളാ സോഷ്യൽ ഫോറം)